**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 114 — 01-12-2014-ൽ മറുപടിയ്ക്ക്

**സമ്പൂർണ്ണ മദ്യനിരോധന നയം**

**ചോദ്യം:** — **ഉത്തരം:**

ഡോ. കെ.ടി. ജലീൽ — ശ്രീ. കെ. ബാബു (മത്സ്യബന്ധനവും, തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

| | | |
|---|---|---|
| (എ) | സമ്പൂർണ്ണ മദ്യനിരോധനം എന്ന നയം ഈ സർക്കാരിനുണ്ടോ; എങ്കിൽ ആ നയം നടപ്പിൽ വരുത്താൻ ലഭിച്ച സാധ്യതകൾ എല്ലാം പ്രയോജനപ്പെടുത്തുകയുണ്ടായോ; വിശദമാക്കാമോ; | മദ്യവർജ്ജനത്തിലൂന്നിയുള്ള ഘട്ടം ഘട്ടമായ മദ്യനിരോധനമാണ് ഈ സർക്കാർ ലക്ഷ്യമിടുന്നത്. മദ്യത്തിന്റെ ലഭ്യത കുറച്ച് ശക്തവും വ്യാപകവുമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യരഹിത കേരളം എന്ന മഹത്തായ ലക്ഷ്യമാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. ഇതിന്റെ ആദ്യപടിയായി 2014-15 വർഷത്തിലെ അബ്കാരി നയത്തിലൂടെ പഞ്ചനക്ഷത്ര പദവിയുള്ള ഹോട്ടലുകളൊഴികെയുള്ള ഹോട്ടലുകളുടെ ബാർ ലൈസൻസുകൾ റദ്ദുചെയ്യുന്നതിനും എഫ്.എൽ.1 ഷോപ്പുകളുടെ എണ്ണം ഓരോ വർഷവും 10% കണ്ടു കുറയ്ക്കുന്നതിനും എല്ലാ ഞായറാഴ്ചകളും ഡ്രൈഡേ ആക്കുന്നതിനും സർക്കാർ തീരുമാനമെടുക്കുകയും നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | യു.ഡി.എഫ് ജനങ്ങൾക്ക് നൽകിയ ഉറപ്പിനനുസൃതമായിട്ടാണോ സർക്കാർ നിലപാട് സ്വീകരിച്ചിട്ടുള്ളത്; അല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ; | |
| (സി) | സമ്പൂർണ്ണ മദ്യനിരോധനം സംബന്ധിച്ച യു.ഡി.എഫ് നിലപാടും സർക്കാർ നിലപാടും വ്യത്യസ്തമാണോ; എങ്കിൽ എന്തെല്ലാം കാര്യങ്ങളിലാണെന്ന് വിശദമാക്കാമോ ? | |

സെക്ഷൻ ഓഫീസർ